(സി) തെരുവുവിളക്കുകൾക്കാവശ്യമായ സ്പെയർ പാർട്സുകൾ നഗരസഭ ടെണ്ടർ ക്ഷണിച്ച് വാങ്ങി സ്റ്റോറിൽ സൂക്ഷിക്കുകയും അതാതുപ്രദേശത്തെ ഇലക്ട്രിസിറ്റി സെക്ഷൻ ഓഫീസുകളുടെ ആവശ്യാനുസരണം നൽകുകയുമാണ് ചെയ്യുന്നത്. കേടാകുന്ന ബൾബുകൾ/ട്യൂബുകൾ മറ്റ് അനുബന്ധ സാധനങ്ങളുടെ ലിസ്റ്റ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്റ്റോർ പർച്ചേസ് നിയമങ്ങൾ പ്രകാരം വാങ്ങി വൈദ്യുതി വകുപ്പിൽ നൽകേണ്ടതും തുടർ നടപടികൾ വൈദ്യുതി വകുപ്പ് സ്വീകരിക്കേണ്ടതുമാണ്.

(ഡി) തെരുവുവിളക്കുകൾക്കാവശ്യമായ കറണ്ട് ചാർജ്ജ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നാണ്. കൂടാതെ സ്പെയർ പാർട്സുകൾക്കാവശ്യമായ വില മുഴുവനും ടി സ്ഥാപനങ്ങൾ തന്നെയാണ് സ്വന്തം ഫണ്ടിൽ നിന്നും വഹിക്കുന്നത്. എന്നാൽ കേടായവ മാറ്റി സ്ഥാപിക്കുന്നത് ഇലക്ട്രിസിറ്റി ബോർഡാണ്. ഓരോ പ്രാവശ്യവും ഓരോ സെക്ഷൻ ഓഫീസുകളിലേക്കും നൽകുന്ന പാർട്സുകളുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ബോർഡിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് അടുത്ത ഗഡു സ്പെയർ പാർട്സുകൾ നൽകിവരുന്നുണ്ട്. വഴിവിളക്കുകൾ എല്ലാ ദിവസവും യഥാസമയം കത്തിക്കുകയും അണയ്ക്കുകയും ചെയ്യുന്നത് ഇലക്ട്രിസിറ്റി ബോർഡാണ്.

(ഇ) ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാരുടെ നേതൃത്വത്തിൽ 2001-ൽ അവസാനിച്ച മന്ത്രിസഭയുടെ കാലത്താണ് ഈ വ്യവസ്ഥകൾ നിലവിൽ വന്നത്.

(എഫ്) നഗരസഭാ പ്രദേശത്തെ മുഴുവൻ തെരുവുവിളക്കുകളും കത്തിക്കുന്നതിന് നടപടികൾ നഗരസഭയും ഇലക്ട്രിസിറ്റി ബോർഡും എടുത്തുവരുന്നുണ്ട്. തെരുവ് വിളക്കുകളുടെ പരിപാലനം ഗ്രാമ പഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽപ്പെട്ട വിഷയമാണ്. ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി വിവരം തയ്യാറാക്കൽ

102 [1041] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. സാജു പോൾ :
,, എം. പ്രകാശൻ മാസ്റ്റർ :
,, പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളുടെയും, നഗരസഭകളുടെയും ആസ്തി വിവരങ്ങൾ തയ്യാറാക്കുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലിരിക്കുന്നു ;

(ബി) ആസ്തി തയ്യാറാക്കുന്ന ജോലി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ആസ്തികളെ സംബന്ധിച്ച് വിശദവിവരം വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ത്രിതല പഞ്ചായത്തുകളുടെ ആസ്തികളെ സംബന്ധിച്ച് കൃത്യമായ വിവരം ഇല്ലാത്തതുകൊണ്ട് മെയിന്റനൻസ് ഗ്രാന്റ് കാര്യക്ഷമമായി ഉപയോഗിക്കാൻ കഴിയുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളുടെയും നഗരസഭകളുടെയും ആസ്തി വിവരങ്ങൾ ശേഖരിക്കുന്ന നടപടി പൂർത്തിയായി. ആസ്തി വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി ഭരണസമിതിയുടെ അംഗീകാരം പലയിടത്തും ലഭിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകളുടെയും ജില്ലാ പഞ്ചായത്തുകളുടെയും സർവ്വേ പൂർത്തിയാക്കി ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന നടപടി നടന്നുകൊണ്ടിരിക്കുന്നു.

(ബി) ആസ്തി രേഖ തയ്യാറാക്കുന്ന ജോലി ഫെബ്രുവരി അവസാനത്തോടെ പൂർത്തിയാക്കുവാൻ കഴിയും.

(സി) പൂർണ്ണ വിവരം ഈ ഘട്ടത്തിൽ ലഭ്യമല്ല.

(ഡി) ത്രിതല പഞ്ചായത്തുകളുടെ ആസ്തി വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ മെയിന്റനൻസ് ഗ്രാന്റ് കാര്യക്ഷമമായി ഉപയോഗിക്കാൻ കഴിയുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതുകൊണ്ടാണ് സർക്കാർ, ആസ്തി വിവരം ശേഖരിക്കാൻ നടപടി സ്വീകരിച്ചത്.

റവന്യൂ അദാലത്തും റീ സർവ്വെയും

103 [1042] ശ്രീ. സ്റ്റീഫൻ ജോർജ്ജ് :
.. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നടത്തിയ റവന്യൂ അദാലത്തിൽ സംസ്ഥാന വ്യാപകമായി ഓരോ ഇനത്തിലും ലഭിച്ച പരാതിയും അവയിൽ തീർപ്പുകൽപ്പിച്ചവയുടെയും കണക്ക് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ നടത്തിയ റവന്യൂ അദാലത്തിലെ പരിഹാരങ്ങൾക്ക് നിയമപരമായ സാധുതയുണ്ടോ ;

(സി) സംസ്ഥാനത്ത് നടന്നുവരുന്ന റീ സർവ്വെ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) റീ സർവ്വെയുമായി ബന്ധപ്പെട്ട് ഒരു അദാലത്ത് നടത്തുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) റവന്യൂ അദാലത്തിൽ ലഭിച്ച പരാതികളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) ഉണ്ട്.

† അനുബന്ധം XIII

LIBRARY ARCHIVES Kerala Legislative Assembly